**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4060** **20.03.2018 ൽ മറുപടിയ്ക്ക്**

**പ്രതിദിന പച്ചക്കറി ഉപഭോഗം**

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ഉപഭോഗം എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്; | എ) 66-ാമത് നാഷണൽ സാമ്പിൾ സർവ്വെ പ്രകാരം സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ഉപഭോഗം 5504.1 ടൺ എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| ബി) സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം കൊണ്ട് ഈ ആവശ്യം നിറവേറ്റപ്പെടാൻ കഴിയുന്നുണ്ടോ; | ബി) സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം കൊണ്ട് ഈ ആവശ്യം നിറവേറ്റപ്പെടാൻ പൂർണ്ണമായും സാധിക്കില്ല. |
| സി) സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ഉൽപാദനം എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്; | സി) സംസ്ഥാനത്ത് 2016-17 ൽ 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിച്ചിട്ടുണ്ട്. അതനുസ്സരിച്ച് ശരാശരി പ്രതിദിനം 1986 ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. 2017- 18 ൽ 10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞു എന്നതാണ് കൃഷി വകുപ്പിന്റെ കണക്ക്. |
| ഡി) ഹരിത കേരളം മിഷൻ പ്രവർത്തനവും അതുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളും മുഖേന പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുവാനും പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും കഴിഞ്ഞിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ? | ഡി) ഹരിത കേരളം മിഷന്റെ ഭാഗമായ ജൈവ കൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം സുജലം സുഫലം ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പച്ചക്കറിയും മറ്റ് അടിസ്ഥാന കൃഷി ഉല്പന്നങ്ങളും സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക എന്നതാണ്. ഇതിനായി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങളായ ക്ലസ്റ്റർ അടിസ്ഥാനത്തിലെ കൃഷി, തരിശു ഭൂമിയിലെ |

പച്ചക്കറി കൃഷി, വീട്ടുവളപ്പിലും സ്ഥാപനങ്ങളിലും പച്ചക്കറി വികസനം, നഗര പ്രദേശങ്ങളിൽ ഗ്രോബാഗുകളിലൂടെ മട്ടുപ്പാവ് കൃഷി എന്നിവയിലൂടെ പച്ചക്കറി വ്യാപനത്തിനും ഉത്പാദന വർദ്ധനവിനായുള്ള ശക്തമായ ഇടപെടലുകളാണ് കൃഷി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ കൃഷി ഭവനുകൾ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പ്രോജക്ടുകൾ ഈ ഉദ്യമത്തിന് ആക്കം കൂട്ടുന്നു. ഇപ്രകാരം വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ പച്ചക്കറി മേഖലയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലെത്തിക്കുവാനുള്ള പരമാവധി ശ്രമങ്ങൾ കൃഷി വകുപ്പ് നടത്തി വരുന്നു.

പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുവാനും പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിൽ വിവിധ ഘടകങ്ങളിലായി കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകി വരുന്നു. പദ്ധതി ഘടകങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- നഴ്സറികൾ സ്ഥാപിക്കൽ
- സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള

പ്രയോഗവും.

- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.
- പച്ചക്കറി കൃഷിയ്ക്ക് വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം
- 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
- മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം.
- 'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്.
- അവാർഡ് വിതരണം
- ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
- മഴമറ നിർമ്മാണം
- ബാഹ്യ നിരീക്ഷണം
- ഡിജിറ്റൽ ഡോക്യുമെന്റേഷൻ
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- വി.എഫ്.പി.സി.കെ. – വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾ.

Mayal

സെക്ഷൻ ഓഫീസർ